**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3254** **04-08-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് ചികിത്സയ്ക്ക് വാങ്ങിയ അധിക തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | **Smt Veena George**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | കോവിഡ് ചികിത്സയ്ക്ക് ആശുപത്രികൾ അധിക ബിൽ തുക വാങ്ങി എന്നതിനെ സംബന്ധിച്ച് എത്ര പരാതികൾ ഇതുവരെ ലഭിച്ചെന്ന് വ്യക്തമാക്കുമോ; | (എ) | കോവിഡ് ചികിത്സയ്ക്ക് ആശുപത്രികൾ അധിക ബിൽ തുക വാങ്ങിയത് സംബന്ധിച്ച് ലഭിച്ച പരാതികളുടെയും പ്രസ്തുത പരാതികളിന്മേൽ സ്വീകരിച്ച നടപടികളുടെയും ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പരാതികളിന്മേൽ ഇതേവരെ സ്വീകരിച്ച തുടർ നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ? | (ബി) | കോവിഡ് ചികിത്സയ്ക്ക് ആശുപത്രികൾ അധിക ബിൽ തുക വാങ്ങിയത് സംബന്ധിച്ച് ലഭിച്ച പരാതികളുടെയും പ്രസ്തുത പരാതികളിന്മേൽ സ്വീകരിച്ച നടപടികളുടെയും ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമ നമ്പർ | ജില്ല | ലഭിച്ച പരാതികളുടെ എണ്ണം | പരാതികളിന്മേൽ സ്വീകരിച്ച നടപടികൾ |
|---|---|---|---|
| 1 | തിരുവനന്തപുരം | 28 | പരാതികൾ ജില്ലാ മെഡിക്കൽ ഓഫീസിലെ പരാതി പരിഹാര സെല്ലിലെ ആഫീസർമാർ പരിശോധിക്കുകയും ബന്ധപ്പെട്ട ആശുപത്രികളിൽ നിന്ന് വിശദീകരണം ആവശ്യപ്പെട്ടുകയും ചെയ്തിട്ടുണ്ട്. ചില പരാതികൾ ആശുപത്രി അധികൃതരും പരാതിക്കാരും തമ്മിൽ ചർച്ച നടത്തി ഒത്തുതീർപ്പാകുകയും ചെയ്തിട്ടുണ്ട്. |
| 2 | കൊല്ലം | 27 | പരാതികളിന്മേൽ താലൂക്ക് തല അന്വേഷണ ടീമുകൾ അന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചു വരുന്നു |
| 3 | പത്തനംതിട്ട | 7 | പരാതികൾ പരിഹരിക്കപ്പെട്ടിട്ടുണ്ട് |
| 4 | ആലപ്പുഴ | 1 | വിശദീകരണം തേടി പരാതി പരിഹരിക്കാൻ കഴിഞ്ഞു |
| 5 | കോട്ടയം | 9 | നടപടികൾ സ്വീകരിച്ചുവരുന്നു |
| 6 | എറണാകുളം | 16 | എല്ലാ പരാതികളിലും അന്വേഷണം നടത്തിയിട്ടുണ്ട്. ആയതിൽ 8 പരാതിയിൽ കൂടുതൽ തുക ഈടാക്കിയതായി കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത അന്വേഷണ റിപ്പോർട്ട് തുടർ നടപടികൾക്കായി ബഹു. ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. |
| 7 | ഇടുക്കി | 2 | അന്വേഷണം നടത്തി തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. |
| 8 | തൃശ്ശൂർ | 11 | പരാതികളിൽ അന്വേഷണം നടത്തി സർക്കാർ ഉത്തരവിന് വിരുദ്ധമായ രീതിയിൽ പ്രവർത്തിച്ചിട്ടുണ്ടോയെന്ന് വിലയിരുത്തി നടപടികൾ സ്വീകരിച്ചുവരുന്നു. |
| 9 | പാലക്കാട് | 14 | ജില്ലാ മെഡിക്കൽ ഓഫീസർ നേരിട്ട് പട്ടാമ്പി സേവന ആശുപത്രി & സെന്ററിൽ അന്വേഷണം നടത്തി RTPCR ടെസ്റ്റ് എടുത്തതിന് അധിക തുക ഈടാക്കിയത് പരാതിക്കാരന് തിരിച്ച് നൽകുവാൻ ആവശ്യപ്പെട്ടുകയും പരാതിക്കാരന് അധിക തുക തിരിച്ച് നൽകാൻ ആവശ്യപ്പെട്ടുകയും പരാതിക്കാരന് അധിക തുക തിരികെ നൽകുകയും ചെയ്തു. മറ്റ് പരാതികൾ പരിഹരിക്കുന്നതിനായി അന്വേഷണ നടപടികൾ പുരോഗമിച്ചു വരുന്നു. |

| | | | |
|---|---|---|---|
| 10 | വയനാട് | 0 | പരാതികളൊന്നും ലഭിച്ചിട്ടില്ല |
| 11 | കോഴിക്കോട് | 9 | കോഴിക്കോട് ജില്ലാ മെഡിക്കൽ ഓഫീസർ, ജില്ലാ ആർ. സി. എച്ച്. ഓഫീസർ, JAMO എന്നിവരടങ്ങുന്ന ടീം പരാതി സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ട്. |
| 12 | മലപ്പുറം | 14 | പ്രസ്തുത പരാതികൾ പരിശോധിച്ച് ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും റിപ്പോർട്ട് തുടർ നടപടികൾക്കായി State Grievance Cell ലേക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| 13 | കണ്ണൂർ | 23 | ലഭിച്ച പരാതികളിൽ 20 പരാതികൾ തീർപ്പ് കൽപ്പിച്ചിട്ടുണ്ട് |
| 14 | കാസർകോഡ് | 1 | പരാതിക്കാരെയും ആശുപത്രി അധികൃതരെയും വച്ച് രണ്ട് എൻക്വയറികൾ നടത്തിയിട്ടുണ്ട്. കൂടാതെ മേൽ പരാതിയിൽ കൂടുതൽ അന്വേഷണം നടന്നുവരികയാണ്. |